(സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് സമയപരിധി നിശ്ചയിട്ടുണ്ടോ; വിശദമാക്കാമോ, ഇല്ലെങ്കിൽ ആയതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ള വില്ലേജുകളിൽ ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഇടക്കൊച്ചി, ഫോർട്ട് കൊച്ചി, കുമ്പളങ്ങി, മട്ടാഞ്ചേരി, പള്ളുരുത്തി, രാമേശ്വരം, തോപ്പുംപടി എന്നീ വില്ലേജുകളിൽ റീ-സർവ്വേ പൂർത്തീകരിക്കാനുണ്ട്.

(ബി) ഉണ്ട്. റീ-സർവ്വേ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ 2015 ഡിസംബർ വരെ 10880 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 10683 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകളിലെ എൽ.ആർ.എം. വിഭാഗം മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി താലൂക്കിൽ ശേഷിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിനായി 3 സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ട്.

(സി) എത്രയും വേഗം പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റീ-സർവ്വേ സംബന്ധമായി പൊതുജനങ്ങളിൽനിന്നും ഇപ്പോഴും അപേക്ഷകൾ/പരാതികൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരാതി പരിഹരിക്കുന്ന നടപടികൾ തുടരുകയാണ്.

(ഡി) 31-10-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി

148(1214) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര കുടുംബങ്ങളാണ് അമ്പലപ്പുഴ മണ്ഡലത്തിലുള്ളത്; ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇവർക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുറക്കാട് വില്ലേജിൽ എത്ര കുടുംബങ്ങൾക്കാണ് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുള്ളത്; ഇവർക്ക് വീട് നിർമ്മിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് പുന്നപ്ര വില്ലേജിൽ ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 78 കുടുംബങ്ങളുടെ വീടുകൾ കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

പുറക്കാട്	2013-14	7
	2014-15	11
	2015-16	37
അമ്പലപ്പുഴ	2015-16	5
അമ്പലപ്പുഴ വടക്ക്	2013-14	8
	2014-15	9
	2015-16	1
ആകെ		78

(ബി) 2014-ലെ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 20 കുടുംബങ്ങൾക്ക് തോട്ടപ്പള്ളി സ്പിൽവേയ്ക്ക് കിഴക്കുവശം സ്ഥലം ഏറ്റെടുത്ത് കൈവശ സർട്ടിഫിക്കറ്റ് 6-2-2016-ൽ നൽകിയിട്ടുണ്ട്. 2013-ൽ വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ വടക്ക് വില്ലേജിലെ 7 കുടുംബങ്ങൾക്കും അമ്പലപ്പുഴ വില്ലേജിലെ ഒരു കുടുംബത്തിനും പുന്നപ്ര വില്ലേജിൽ പ്ലോട്ട് തിരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പുറക്കാട് വില്ലേജിൽ 21 കുടുംബങ്ങൾക്കാണ് സ്ഥലം ഏറ്റെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്. പ്രസ്തുത കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് മുഖാന്തരം വീടിന് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 2013-ൽ വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ വടക്ക് വില്ലേജിലെ 7 കുടുംബങ്ങൾക്കും അമ്പലപ്പുഴ വില്ലേജിലെ ഒരു കുടുംബത്തിനും പുന്നപ്ര വില്ലേജിൽ പ്ലോട്ട് തിരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly